പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 687

13/07/2012-ൽ മറുപടിയ്ക്കു്

**ദേവസ്വം നിയമനങ്ങൾ പി.എസ്.സി. ക്ക് വിടാൻ നടപടി**

ചോദ്യം

ശ്രീ. ബാബു എം. പാലിശ്ശേരി
ശ്രീ. ജി. സുധാകരൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. സി. കൃഷ്ണൻ

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
|---|---|
| (എ) ദേവസ്വം നിയമനങ്ങൾ പി.എസ്.സി. ക്ക് വിടാൻ മുൻ സർക്കാർ തീരുമാനിച്ചിരുന്നുവോ; | (എ) തീരുമാനിച്ചിരുന്നു. |
| (ബി) ഇക്കാര്യത്തിൽ ഈ സർക്കാർ എന്തു നടപടി എടുത്തുവെന്ന് അറിയിക്കാമോ;<br>(സി) ദേവസ്വം നിയമനങ്ങൾ പി.എസ്.സി. ക്ക് വിടുന്നതിനോട് ഈ സർക്കാരിന്റെ നിലപാട് അറിയിക്കാമോ? | (ബി) & (സി) മതാതിഷ്ഠിത സ്ഥാപനങ്ങളിലെ നിയമനം സെക്കുലർ സ്ഥാപനമായ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടതിനെതിരെ പരാതികൾ സർക്കാരിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിലും ദേവസ്വം റിക്രൂട്ടുമെന്റ് ബോർഡ് രൂപീകരിക്കണമെന്ന ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, ദേവസ്വം നിയമനങ്ങൾക്കായി ഒരു റിക്രൂട്ടുമെന്റ് ബോർഡ് രൂപീകരിക്കുന്നതിനെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി സർക്കാർ ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുകയും, ഈ ഉപസമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ദേവസ്വം നിയമനങ്ങൾക്കായി ദേവസ്വം റിക്രൂട്ടുമെന്റ് ബോർഡ് രൂപീകരിക്കുവാൻ ഈ സർക്കാർ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കരട് നിയമത്തിന് അന്തിമ രൂപം ആയിട്ടില്ല. |

സെക്ഷൻ ഓഫീസർ